പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1273

03.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഏലമലക്കാടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ ഏലമലക്കാടുകൾ സംരക്ഷിത വനമാണോ; ഇതു സംബന്ധിച്ച് സുപ്രീം കോടതിയുടെയും ഹരിത ട്രൈബ്യൂണലിന്റെയും വിധി എന്തായിരുന്നു; | (എ) കൊല്ല വർഷം 1068 (1893 എ.ഡി) യിലെ തിരുവിതാംകൂർ ഫോറസ്റ്റ് റഗുലേഷനിലെ മൂന്നാം വകുപ്പ പ്രകാരം 1897 ആഗസ്റ്റ് 11 - ാം തീയതി തിരുവിതാംകൂർ ചീഫ് സെക്രട്ടറി പുറപ്പെടുവിച്ച വിളംബര പ്രകാരം കാർഡമം ഹിൽ റിസർവ്വ്, റിസർവ്വ് വനമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. വനത്തിന്റെ സ്വഭാവമോ, ഉടമസ്ഥാവകാശമോ, തരംതിരിവോ പരിഗണിക്കാതെ റിസർവ്വ് ചെയ്തതോ അല്ലാത്തതോ സംരക്ഷിതമോ അല്ലാത്തതോ ആയ എല്ലാ വനഭൂമിയും 1980 ലെ വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ് എന്ന് 1997 ൽ ഗോദവർമ്മ തിരുമുൽപ്പാട് കേസിൽ ബഹു.സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. കാർഡമം ഹിൽ റിസർവ്വ് വനഭൂമിയാണെന്ന് അംഗീകരിച്ച് ടി ഭൂമിയിൽ 01.01.1977 ന് മുമ്പ് കുടിയേറിയവർക്ക് ഏലേതര പ്രവർത്തനങ്ങൾക്കായി വിള പരിവർത്തനം ചെയ്യപ്പെട്ടതുമായ ഭൂമിയിൽ പട്ടയം നൽകുന്നതിനായി കേരള സർക്കാർ രൂപം നൽകിയ 1993 ലെ പ്രത്യേക ചട്ടം (01.01.1977 ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) നിയമപരമാണെന്ന നിലപാടിലാണ് 2009 മാർച്ച് 30 ന് ബഹു. സുപ്രീം കോടതി നേച്ചർ ലൗവേഴ്സ് മൂവ്മെന്റ് കേസിൽ വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ഈ മേഖലയിൽ 1980 ലെ വനസംരക്ഷണ നിയമത്തിന്റെ വെളിച്ചത്തിൽ |

| | |
|---|---|
| | കേന്ദ്രാനുമതി ലഭ്യമാക്കി പട്ടയം നൽകുന്നതിന് വ്യവസ്ഥയുണ്ട്. നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ 373/2013 നമ്പർ കേസിലെ . 28.05.2015 ലെ വിധിയിൽ, നിയമപരമല്ലാത്ത മരം മുറി സി.എച്ച്.ആർ മേഖലയിൽ അനുവദിക്കരുതെന്നും, നിലവിൽ അനധികൃത മരംമുറി നടത്തുന്നത് സംബന്ധിച്ച കേസുകളിൽ ക്രിമിനൽ നടപടി തുടരണമെന്നും നിർദ്ദേശിച്ചിരുന്നു. |
| (ബി) ഏലമലക്കാടുകൾ സംരക്ഷിത വനമായി പ്രഖ്യാപിച്ചത് എന്നാണ്; 2005 ലെ ഇതു സംബന്ധമായ സുപ്രീം കോടതി വിധി പ്രസ്താവം എന്തായിരുന്നു; | (ബി) 1897 ആഗസ്റ്റ് 11 - ാം തീയതി തിരുവിതാംകൂർ ചീഫ് സെക്രട്ടറി പുറപ്പെടുവിച്ച വിളംബര പ്രകാരം കാർഡമം ഹിൽ റിസർവ്വ്, റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുണ്ട്. 07.10.2005 ലെ ടി.എൻ.ഗോദവർമ്മ Vs. യൂണിയൻ ഓഫ് ഇന്ത്യ കേസിലെ IA No.1408 ലെ വിധിയിൽ ഏലമലക്കാടുകൾ റിസർവ്വ് വനമാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. |
| (സി) ശ്രീ.രാജൻ മധേക്കർ റിപ്പോർട്ടിലെ ഏലമലക്കാടുകൾ സംബന്ധിച്ച കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; നിലവിൽ ഏലമലക്കാട്ടിൽ എത്ര പട്ടയങ്ങൾ വ്യാജമായി നൽകപ്പെട്ടതായി കണ്ടെത്തുകയുണ്ടായി; | (സി) ശ്രീ.രാജൻ മധേക്കർ റിപ്പോർട്ടിൽ ഏലമലക്കാടുകൾ സംബന്ധിച്ച് യാതൊരു പരാമർശവും ഇല്ല; ബാധകമല്ല. |
| (ഡി) ഏലമലക്കാടുകളെ റവന്യൂ ഭൂമിയായി മാറ്റുന്നതിന് എന്തെങ്കിലും നടപടി നിലവിലുണ്ടോ; വിശദമാക്കുമോ? | (ഡി) 1956 നവംബർ 1 ന് ഏലമലക്കാടുകൾ ഉൾപ്പെടുന്ന ഉടുമ്പൻചോല താലൂക്ക് രൂപം കൊണ്ടപ്പോൾ മുഴുവൻ ഭൂമിയും റവന്യൂ ഭരണത്തിൻ കീഴിലായിരുന്നു. |

Sindhya

സെക്ഷൻ ഓഫീസർ